(Pages : 6)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**S – 3184**

Reg. No. : ..............................

Name : ..................................

# Third Semester B.A./B.Sc. Degree Examination, February 2024

## First Degree Programme under CBCSS

## Language Course VII – Additional Language III – Malayalam

## ML 1311.1 : ഭാഷാവബോധവും സർഗ്ഗാത്മകതയും

## (2021 Admission Onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. സ്രോതഭാഷ എന്നാൽ എന്ത്?

2. ഇതര ജീവികൾക്കില്ലാത്ത സാംസ്കാരിക ജീവിതം മനുഷ്യർക്ക് സാധ്യമായത് എന്തിന്റെ ഫലമായിട്ടാണ്?

3. ഭാഷാടിസ്ഥാനത്തിൽ ഭാരതത്തെ പുനസംഘടിപ്പിക്കാം എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് ആര്?

4. വികാരങ്ങൾ കൈമാറ്റം ചെയ്യുന്നതാണ് കല എന്ന് പറഞ്ഞതാരാണ്?

5. സത്യശകലങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കുന്ന നുണയാണ് കഥ എന്ന് പറഞ്ഞതാര്?

6. നാലിതൾപ്പൂവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

7. എന്താണ് ആഗമസന്ധി?

P.T.O.

8. മലയാള ശൈലി എന്ന കൃതിയുടെ കർത്താവാര്?

9. വിരോധാഭാസം എന്ന പദത്തിന്റെ അർത്ഥം എന്ത്?

10. 'വേഷത്തിലെന്നപോലെ ഭാഷയിലും ആർഭാടം പൊള്ളത്തരത്തിന്റെ ലക്ഷണമത്രേ' എന്ന് പറഞ്ഞത് ആരാണ് ?

**(10 × 1 = 10 Marks)**

II. അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

11. സമാസം എന്നാൽ എന്ത്?

12. ഭാഷയും അധികാരവും തമ്മിലുള്ള ബന്ധത്തെ ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

13. ഭാഷയെ ചീത്തയാക്കുന്നത് എങ്ങനെ എന്നാണ് എം. എൻ. കാരശ്ശേരി പറയുന്നത്?

14. ഒരു മാതൃകാ വിവർത്തനത്തിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമാണ്?

15. 'പണ്ടൊരു കാട്ടിലെ കാട്ടാളനാണലർ-
ച്ചെണ്ടുളവാം കൊമ്പൊടിച്ചു കുത്തി
ലോകാതിശായിയാം സൌന്ദര്യമേലുന്ന നാലിതൾപ്പൂ വിരിയിച്ചതാദ്യം'
– കവിതയിൽ പരാമർശിക്കപ്പെടുന്ന കാട്ടാളൻ ആര്? വിശദീകരിക്കുക.

16. വിവർത്തനം എന്നാൽ എന്ത്? വിശദീകരിക്കുക.

17. പദത്തെക്കുറിച്ച് കുറിപ്പ് എഴുതുക.



Scanned with CamScanner

18. ചാനൽ അവതാരകരുടെ ഭാഷാപ്രയോഗത്തിനുനേരെ പൊതുവായി ഉണ്ടാകുന്ന വിമർശനങ്ങൾ എന്തെല്ലാം?

19. തെറ്റുണ്ടെങ്കിൽ തിരുത്തുക.

(i) അവദൂതൻ

(ii) ഫയർഫോഴ്സിന്റെ സഹായത്താൽ കിണറ്റിൽ ചാടിയ യുവതിയെ രക്ഷിച്ചു

20. ഓരോ കവിതയ്ക്കു പിന്നിലും ഒരു കഥയുണ്ടെന്ന് അക്കിത്തം സ്ഥാപിക്കുന്നതെങ്ങനെ?

21. വിവർത്തകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്നാണ് പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി അഭിപ്രായപ്പെടുന്നത്?

22. എന്താണ് പ്രയോഗം?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരം എഴുതുക.

23. സഹവർത്തിത്വം എന്നതുകൊണ്ട് ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ക്രോഡീകരിക്കുക.

24. മലയാളം സോഫ്റ്റ്‌വെയറിനെക്കുറിച്ച് കേരള യൂണിവേഴ്സിറ്റി നടത്തുന്ന ദ്വിദിനശില്പശാലയിൽ പങ്കെടുക്കാൻ അനുവാദം ചോദിച്ചു കൊണ്ട് ക്ലാസ് ട്യൂട്ടർക്ക് ഒരു കത്ത് തയ്യാറാക്കുക.

25. സി. വി. രാമൻ പിള്ളയുടെയും ചന്തുമേനോന്റെയും എഴുത്തിലെ പ്രകടമായ വ്യത്യാസങ്ങൾ കേശവദേവ് അവതരിപ്പിക്കുന്നത് എങ്ങനെയാണ്?



Scanned with CamScanner

26. 'രാപ്പകലില്ലാതെ ഓമൽത്തറിയോട്
മല്ലിട്ടുതുല്ലിട്ടുടയാട നെയ്തതും
നെഞ്ചുമറയ്ക്കാതെ ശീതത്തി തിന്നതും
ഞാനേ കീഴാളൻ ഉടുമുണ്ടിന്റെ നെയ്ത്താളൻ'
- ആശയം വിപുലീകരിക്കുക.

27. നാലിതൾപ്പൂവ് എന്ന കവിതയിൽ പരാമർശിതമാകുന്നത് കവിത തന്നെയാണ്. വിശദീകരിക്കുക.

28. ആശയം ആഗ്രഹിക്കുക.

"ആയിരമായിരം ആണ്ടുകളായി സർവ്വവ്യാധികളും പിടിപെട്ട് ചോരയും ചലവും നാറി ഭൂമിയിലെ വിജനപ്രദേശങ്ങളിലും കൊടുങ്കാടുകളിലും തെണ്ടിയലയുന്ന, അഥവാ ഭഗവാൻ കൃഷ്ണ ദ്വൈപായനോടൊപ്പം സർവ്വ മനുഷ്യരിലും കുടികൊള്ളുന്ന ഈ ദ്രോണപുത്രൻ ഏതാണെന്ന് നിങ്ങൾ ആലോചിച്ചു നോക്കിയോ? സ്നേഹംകൊണ്ട് ഒന്നായവർ തമ്മിൽ പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീർന്ന ദ്വേഷമത്സരങ്ങൾ ആഘാതപ്രത്യാഘാത രൂപേണ വളർന്നു വളർന്ന് കൊടിയ യുദ്ധങ്ങളായി പരിണമിച്ച് തലമുറകളിലൂടെ വീണ്ടും പ്രതികാരേച്ഛയായി ഊട്ടം കൂടി തനിക്കുള്ള അനർഘമായ രത്നം പൊയ്പ്പോയാലും എതിരാളിക്ക് മൂലച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക എന്ന് പറയുന്ന മനുഷ്യ ശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിന് അവനെ എപ്പോഴും എവിടെയും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കൽപ്പിച്ചതിന് അർത്ഥം. ശ്രീയെയെന്നപോലെ ജ്യേഷ്ഠ(ചേട്ട) യെയും ഭഗവതിയായി കണ്ട ആർഷസംസ്കാരം വ്യാസനെ എന്നപോലെ അശ്വത്ഥാമാവിനെയും ചിരഞ്ജീവി എന്ന് വാഴ്ത്തുന്നത് ഒരിക്കലും നിരർത്ഥകമല്ല"

(ഭാരതപര്യടനം-കുട്ടികൃഷ്ണമാരാർ)



Scanned with CamScanner

29. ശബ്ദവിഭജനരീതികൾ വിശദീകരിക്കുക.

30. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

"എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി. അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥകൾ എന്നെ വികാര പരവശനാക്കി. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതിവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു."

31. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

"It was hard to tell his age from his face and his acts. His innocent face said he was about fourteen but the smoke and words gushed out from his mouth suggested he was beyond seventeen. But everyone treated him as a small boy."

**(6 × 4 = 24 Marks)**

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരം എഴുതുക.

32. കഥ എങ്ങനെ എഴുതണമെന്നും എന്തിനുവേണ്ടി എഴുതണമെന്നുമാണ് കേശവദേവ് അഭിപ്രായപ്പെടുന്നത്?

33. തർജ്ജമയിൽ വരാവുന്ന അപാകതകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുക.

34. വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന കോടിക്കണക്കിന് ജനങ്ങൾ ഉള്ള ഭാരതത്തിൽ ഐക്യവും അഖണ്ഡതയും പുലരുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക?



Scanned with CamScanner

35. താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

(i) പരസ്യങ്ങളിലെ കേരളീയത.

അല്ലെങ്കിൽ

(ii) മലയാളി ജീവിതവും സിനിമയും.

**(2 × 15 = 30 Marks)**

---



Scanned with CamScanner